# DISTRICT CONTROL ROOM
# DISTRICT COLLECTORATE, ALAPPUZHA

Phone : 0477 2239999 Email : ddmaalp@gmail.com

## MEDIA BULLETIN

**Date : 11/02/2020**

## കൊറോണ - നിരീക്ഷണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരുന്നു.

കൊറോണ ഐസൊലേഷനിൽ നിന്നും 119 പേരെ ഒഴിവാക്കി

കൊറോണ രോഗ നിരീക്ഷണത്തിന്റെ ഭാഗമായി വീട്ടുകളിൽ ഐസൊലേഷനിൽ ഉണ്ടായിരുന്ന 58 പേരെ 28 ദിവസം പൂർത്തിയാക്കിയതിനാൽ നിരീക്ഷണത്തിൽ ഒഴിവാക്കി. സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും ലഭിച്ച് നിർദ്ദേശം അനുസരിച്ച് അബുദാബി, ബഹ്റിൻ, ദമാം, ദുബായ്, ഇന്തോനേഷ്യ, ഇറ്റലി, ഒമാൻ, ഫിലിപ്പൈൻസ്, ഷാർജ, സൌദി അറേബ്യ, തായ് വാൻ, യു.എ.ഇ, യു. കെ, യു.എസ് എന്നിവിടങ്ങളിൽ നിന്നും എത്തി നിരീക്ഷണത്തിലിരുന്ന 61 പേരെയും ഒഴിവാക്കി. നിലവിൽ വീട്ടുകളിൽ 138 പേരും ആശുപത്രിയിൽ 2 പേരും നിരീക്ഷണത്തിൽ ഉണ്ട്.

കാലയളവ് പൂർക്കിയാക്കി നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കിയവരിൽ യാതൊരു തരത്തിലുള്ള രോഗബാധയും ഉണ്ടായിരുന്നില്ല. മുൻകരുതൽ എന്ന നിലയിൽ മാത്രമാണ് അവരെ നിരീക്ഷണത്തിൽ ആക്കിയിരുന്നത്. ആയതിനാൽ അവരോട് യാതൊരുത രത്തിലുള്ള അകൽച്ചയും കാണിക്കേണ്ടതില്ല.

ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് രാവിലെയും ഉച്ചയ്ക്കുമായി നടന്ന ബോധവൽക്കരണ പരിപാടിയിൽ 992 വിദ്യാർത്ഥികൾ എസ്.പി.സി, എൻ.സി.സി, സ്കൗട്ട് കേഡറ്റുകൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. ശ്രീ. വിനോദ് നരണാട്ട് ബോധവൽക്കരണ കിറ്റി ഷോ നടത്തി. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 31 വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 7 ഗ്രാമസഭകളിലും, 57 സ്ഥലങ്ങളിൽ പൊതു ജനങ്ങൾക്കുവേണ്ടിയും അംഗൻവാടി, ആശാ പ്രവർത്തകർക്കായി 14 സ്ഥലങ്ങളിലും തൊഴിലുറപ്പ് തൊഴിലാളികൾക്കായി 17 സ്ഥലങ്ങളിലും ചിങ്ങോലിയിൽ ഇതരസംസ്ഥാന തൊഴിലാളികൾക്ക വേണ്ടിയും ക്ലാസ്സുകൾ എടുത്തു. കൂടാതെ ഹരിപ്പാട് ബ്ലോക്ക് ആഫീസ്, ചിങ്ങോലി വില്ലേജ് ആഫീസ്, പോപ്പുലർ മോട്ടോഴ്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ ജീവനക്കാർക്കായി ബോധവൽക്കരണ ക്ലാസ്സ് നടത്തി. 21000 നോട്ടീസുകൾ വിതരണം ചെയ്യുകയും 1000 പോസ്റ്റുകൾ പ്രദർശിപ്പിക്കുകയും ചെയ്തു. ദേവികുളങ്ങര പ്രയാർ ഹൈസ്കൂളിൽവെച്ച് നടന്ന ഫുട്ബോൾ മത്സര വേദിയിൽ ക്ലാസ്സെടുത്തു. വിവിധ വിഭാഗങ്ങളിലായി 1362 പേർക്ക് പരിശീലനം നൽകി. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ ഏഴു പേർക്ക് ടെലികൗസിലിംഗും ചേർത്തല കെ.എസ്.ആർ.റ്റി.സി സ്റ്റാൻറിൽ വെച്ച് തെരുവു നാടകവും നടത്തി.

ജില്ലാ കളക്ടർ

# DISTRICT CONTROL ROOM
# DISTRICT COLLECTORATE, ALAPPUZHA

Phone : 0477 2239999
Email : ddmaalp@gmail.com

Date : 11/02/2020

| District | Cumulative number of Persons under observation as on today | Cumulative number of a symptomatic persons under home isolation as on today | Cumulative no of symptomatic persons hospitalised as on today | No of symptomatic persons hospitalised today |
|---|---|---|---|---|
| **Alappuzha** | **140** | **138** | **2** | **0** |

**District Collector**